# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5568 27.03.2018-ൽ മറുപടിയ്ക്ക്.

## കണ്ണമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസിന് കെട്ടിടം

| ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കണ്ണമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസിന് സ്വന്തമായി കെട്ടിടമുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.നിലവിൽ പഞ്ചായത്ത് പ്രവർത്തിക്കുന്നത് സ്വന്തം കെട്ടിടത്തിലാണെങ്കിലും ആയത് ആരംഭിച്ച വർഷത്തിൽ വീട് സൗകര്യപ്പെടുത്തി ഓഫീസായി ഉപയോഗിച്ച് വരികയായിരുന്നു. സ്ഥലസൗകര്യം തീരെയില്ലാത്തതിനാലും കൃഷി ഓഫീസ്, എം.ജി.എൻ.ആർ.ജി.ഡി അസി. എഞ്ചിനീയർ ഓഫീസ്, കുടുംബശ്രീ ഓഫീസ്, എം.ജി.എൻ.ആർ.ജി.എസ് ഓഫീസ്, വെറ്റിനറി ഡിസ്പൻസറി എന്നിവ ഈ കെട്ടിടത്തിൽ തന്നെ പരിമിത സ്ഥലത്ത് പ്രവർത്തിക്കുന്നതിനാൽ പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഏറെ ബുദ്ധിമുട്ട് നേരിടേണ്ടി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കണ്ണമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസിന് സ്വന്തമായി ഒരു കെട്ടിടമില്ലാത്തതിനാൽ ജനപ്രതിനിധികളും പൊതുജനങ്ങളും ഉദ്യോഗസ്ഥരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അടിയന്തരമായി കെട്ടിട നിർമ്മാണം നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ? | (ബി) | നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ